**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 586** **30-01-2024 - ൽ മറുപടിയ്ക്ക്**

**കാരുണ്യ ലോട്ടറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാരുണ്യ ലോട്ടറി പദ്ധതി വിപുലപ്പെടുത്തിയിട്ടുണ്ടോ; ഈ പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാരുണ്യ ലോട്ടറി പദ്ധതി വിപുലപ്പെടുത്തിയിട്ടില്ല. 15.02.2021-ലാണ് കാരുണ്യ ലോട്ടറിയുടെ സമ്മാന ഘടന അവസാനമായി പുനഃക്രമീകരിച്ചത്; കാരുണ്യ ലോട്ടറിയുടെ നാളിതുവരെയുള്ള പ്രവർത്തനം വിലയിരുത്തിയിട്ടില്ല; |
| (ബി) | കാരുണ്യ ലോട്ടറിയിൽ നിന്നുള്ള ലാഭം പൂർണ്ണമായും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്കായി വിതരണം ചെയ്ത് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | എല്ലാ ഭാഗ്യക്കുറിയുടെയും വിൽപ്പനയിൽ നിന്നുള്ള വിറ്റുവരവ് സർക്കാർ ഖജനാവിലേയ്ക്കാണ് ഒടുക്കുന്നത്. കാരുണ്യ ബെനവലന്റ് ഫണ്ടിന് ആവശ്യമായ തുക സർക്കാർ അനുവദിക്കുന്നുണ്ട്; |
| (സി) | ലോട്ടറിയിലൂടെ പ്രതിവർഷം ശരാശരി എന്തു തുക ലാഭം ലക്ഷ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; അതനുസരിച്ച് ലോട്ടറിയുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടോ; | (സി) | ലോട്ടറിയിൽനിന്നും പ്രതിവർഷ ശരാശരി ലാഭം ലക്ഷ്യമാക്കിയിട്ടില്ല. എന്നാൽ, ഓരോ സാമ്പത്തിക വർഷവും കൈവരിക്കേണ്ട റവന്യൂ വരുമാനം സർക്കാർ നിശ്ചയിക്കാറുണ്ട്. അത് കൈവരിക്കുന്നതിനായി അച്ചടിക്കുന്ന ടിക്കറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കാറുണ്ട്; |
| (ഡി) | ലാഭത്തിൽ നിന്നുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് ജില്ലകൾക്ക് ഫണ്ട് അലോട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ മാനദണ്ഡം വിശദമാക്കുമോ? | (ഡി) | ഇല്ല; ലോട്ടറിയുടെ വിറ്റുവരവ് സർക്കാർ ഖജനാവിലേയ്ക്ക് നേരിട്ട് ഒടുക്കുകയാണ് വകുപ്പ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ